(ബി) ചികിത്സാരംഗത്ത് ഇവർക്ക് പൂർണ്ണമായും സൗജന്യമനുവദിക്കുമോ;

(സി) എല്ലാ ജില്ലകളിലും സീനിയർ സിറ്റിസൺസ് ഹോമുകൾ സ്ഥാപിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) ആന്റ് (സി) മുതിർന്ന പൗരന്മാർക്ക് വിവിധ സേവന മേഖലകളിൽ പൂർണ്ണതോതിലുള്ള സൗജന്യമോ കൺസഷനോ നൽകുക, ചികിത്സാ രംഗത്ത് അവർക്ക് പൂർണ്ണമായും സൗജന്യമനുവദിക്കുക, എല്ലാ ജില്ലകളിലും സീനിയർ സിറ്റിസൺസ് ഹോമുകൾ സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വയോജന നയത്തിന്റെ ഒരു കരട് നയം രൂപീകരിക്കുകയും അതിന്മേൽ വിവിധ സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം ആരായുകയും ചെയ്തു. കൂടാതെ 3-2-2005-ന് വിവിധ വയോജന സംഘടനകളെയും വയോജനക്ഷേമ പ്രവർത്തകരെയും ഉൾപ്പെടുത്തി നടത്തിയ ശില്പശാലയിൽ ഉന്നയിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കരട് നയം തയ്യാറാക്കിവരുന്നു. വയോജനങ്ങളുടെ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 15 വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നത് തിരുവനന്തപുരത്ത് രണ്ടും മറ്റു ജില്ലകളിൽ ഓരോന്നും വീതം വൃദ്ധസദനങ്ങൾ ഉണ്ട്.

കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം

24 [2061] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി ഏതെല്ലാം സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമാണ് കഴിഞ്ഞ 4 വർഷത്തിനിടയിൽ സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്;

(ബി) ഇത്തരത്തിലുള്ള സഹായം ലഭിച്ച ഓരോ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും എത്ര തുക വീതമാണ് സാമ്പത്തിക സഹായം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം സാമ്പത്തികസഹായം നേടിയ സ്ഥാപനങ്ങളുടെയും സംഘങ്ങളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) വ്യാജ സംഘങ്ങൾ അനധികൃതമായി സാമ്പത്തിക സഹായം നേടിയെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം ജില്ലയിൽ 2 ലക്ഷത്തിലധികം രൂപ സാമ്പത്തിക സഹായം ലഭിച്ച സ്ഥാപനങ്ങളുടെയും സംഘങ്ങളുടേയും വിവരങ്ങൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും കമ്പ്യൂട്ടർ പരിശീലനത്തിനായി സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ കഴിഞ്ഞ 4 വർഷത്തിനിടയിൽ ധനസഹായം നൽകിയിട്ടില്ല.

(ബി),(സി),(ഡി),(ഇ) ഉദിക്കുന്നില്ല.

സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

25 [2062] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ (എസ്.പി.എം.യു.) പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസിൽ നടന്നുവരുന്ന കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായ മൂന്നാംഘട്ട ഐ.സി.ഡി.എസ്. പദ്ധതിക്ക് കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് 1999 വർഷത്തിൽ സംസ്ഥാനത്ത് ആരംഭിച്ചു. ഐ.സി.ഡി.എസ്. പദ്ധതിയുടെ സേവനങ്ങൾ ശാക്തീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി 13 ജില്ലകളിലെ 80 പ്രോജക്ടുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ 36 തീരദേശ പ്രോജക്ടുകളും ഒരു ഗിരിവർഗ്ഗ പ്രോജക്ടും ശാക്തീകരിക്കുന്നതിനോടൊപ്പം 43 പുതിയ പ്രോജക്ടുകൾ കൂടി ആരംഭിച്ച് സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഐ.സി.ഡി.എസ്. പദ്ധതിയുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് മൂന്നാംഘട്ട ഐ.സി.ഡി.എസ്. പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഏകോപനവും, നിരീക്ഷണവും മൂല്യനിർണ്ണയവുമാണ് സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ (എസ്.പി.എം.യു.) പ്രധാന പ്രവർത്തനങ്ങൾ.

(ബി) വിലയിരുത്തുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly